# പണക്കൊഴുപ്പിലൂടെ ഒരു തെരഞ്ഞെടുപ്പുകൂടി

## കർഷക ആത്മഹത്യയും പവർക്കട്ടുമുൾപ്പെടെയുള്ള പ്രശ്നങ്ങളിൽ ശക്തമായ ഭരണവിരുദ്ധവികാരം നിലനിന്നിട്ടും മഹാരാഷ്ട്രയിൽ കോൺഗ്രസ് വീണ്ടും ജയിച്ചതെങ്ങനെ?

■ **കെ. ഹരിദാസ്**

മഹാരാഷ്ട്രയിൽ 288 പേരെ ജനങ്ങൾ നിയമസഭയിലെത്തിച്ചു. അതിൽ 28 പേരൊഴിച്ച് എല്ലാവരും ഏറ്റവും ചുരുങ്ങിയത് അഞ്ച് കോടിരൂപ വീതം മുതലിറക്കിയാണ് ജയിച്ചുകയറിയതെന്ന് ബഹുജൻ മഹാസംഘ് എന്ന ദളിത് ഗ്രൂപ്പിന്റെ നേതാവും ബാബാ സാഹേബ് അംബേദ്കറിന്റെ പൗത്രനുമായ പ്രകാശ് അംബേദ്കർ മുംബൈ യൂണിവേഴ്സിറ്റിയിൽ ഒരു പരിപാടിയിൽ സംസാരിക്കവെ പറഞ്ഞു. തെരഞ്ഞെടുപ്പുകാലത്ത് സ്ഥാനാർത്ഥികൾ നൽകിയ സ്വത്തുവിവരമനുസരിച്ച് 2004-ലെ നിയമസഭയിൽ 108 കോടിപതികളാണുണ്ടായിരുന്നത്. 2009-ൽ 184 പേരാണ് കോടിപതികളെന്ന് ചില വസ്തുതാ പഠനഗ്രൂപ്പുകൾ തയ്യാറാക്കിയ കണക്കുകളുടെ അടിസ്ഥാനത്തിൽ പി. സായ്നാഥ് പറയുന്നു. പണക്കൊഴുപ്പിന്റെ ഈ കണക്കുകൾക്കൊപ്പം ചേർത്തുവയ്ക്കാവുന്ന ഒരനുഭവം മുംബൈയിലെ ഒരു വോട്ടർ ഈ ലേഖകനോടും വിവരിച്ചു. വോട്ട് ചോദിച്ചെത്തിയ ഒരു സ്ഥാനാർത്ഥിയുടെ ആളുകൾ ഈ വോട്ടർക്ക് ഒരു കവർ നൽകി. തുറന്നുനോക്കിയപ്പോൾ കണ്ടത് ആയിരം രൂപയുടെ മൂന്ന് നോട്ടുകളാണ്. ''ഇതു സ്വീകരിക്കുന്നതിൽ മടിക്കേണ്ടതില്ല, ഞങ്ങൾക്ക് മുകളിൽനിന്നു കിട്ടിയതാണ്'' എന്ന ഒരു വിശദീകരണവും കവർ നൽകിയവർ നൽകി. 'പക്വത' പ്രാപിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യൻ ജനാധിപത്യത്തിന്റെ ഒരു മുഖമാണിത്.

വോട്ടുചെയ്യുന്നവനും തെരഞ്ഞെടുക്കപ്പെടുന്നവനും രണ്ട് വർഗ്ഗമാണെന്ന് എല്ലാവർക്കുമറിയാമെങ്കിലും അത് അത്ര പരസ്യമായിപ്പറയാൻ ആരും ഇഷ്ടപ്പെടാറില്ലല്ലോ. അതുകൊണ്ട് തെരഞ്ഞെടുപ്പു കഴിഞ്ഞയുടനെ കണക്കുകളും വിശകലനങ്ങളുമായി മാദ്ധ്യമ ചർച്ചാപരമ്പരകൾ അരങ്ങേറുന്നു. എത്ര പണം കൊടുത്താണ് ഓരോ വോട്ടും യന്ത്രത്തിൽ പതിഞ്ഞതെന്ന കാര്യം ആർക്കും അന്വേഷിക്കേണ്ട കാര്യമില്ല. ഫലമെന്താണ് എന്നതാണ് പ്രധാനം. ഈ ദിശയിൽ മഹാരാഷ്ട്ര തെരഞ്ഞടുപ്പ് വിശകലനത്തിനിടയിൽ വിദഗ്ദ്ധരെല്ലാം ചൂണ്ടിക്കാണിച്ചത് മഹാരാഷ്ട്ര നവനിർമ്മാൺ സേന (എം.എൻ.എസ്)യുടെ അരങ്ങേറ്റമാണ്. മഹാരാഷ്ട്രക്കാരന് തൊഴിലില്ലാതെ പോകുന്നത് ഉത്തരേന്ത്യയിൽ നിന്നുള്ളവരുടെ കുടിയേറ്റം കാരണമാണെന്ന ശിവസേനയുടെ പ്രാദേശികവാദ മുദ്രാവാക്യം തങ്ങളുടേതായി മാറ്റി, പാൽ വിറ്റും ടാക്സിയോടിച്ചും ജീവിക്കുന്ന ഉത്തരേന്ത്യക്കാരനെ തെരുവിൽ തല്ലി വിരുതുകാണിച്ച എം.എൻ.എസ്. രാഷ്ട്രീയ വേദിയിൽ ഗണനീയശക്തിയായി 'എത്തിച്ചേർന്നിരിക്കുന്നു' എന്നാണ് വിശകലനങ്ങൾ.

### നന്ദികാണിക്കാത്ത മറാത്തികൾ

**മും**ബൈ-താന മേഖലയിലെ സീറ്റുകളിൽ കോൺഗ്രസ്-എൻ.സി.പി സഖ്യത്തിനും, ബി.ജെ.പി-ശിവസേനാ സഖ്യത്തിനും ലഭിച്ച വോട്ടുശതമാനം 32 വീതമാണ്. ഇവരോടൊപ്പം കിടപിടിക്കുന്നു, 23 ശതമാനം വോട്ടുനേടിയ, സമീപകാലത്ത് പിറന്ന, എം.എൻ.എസ്. മുംബൈ നഗരത്തിൽ ഇത്തവണ വോട്ടിങ് മൂന്ന് ശതമാനം കണ്ട് വർദ്ധിച്ചതിനു പിറകിൽ ഇവരുടെ ഊർജ്ജസ്വലമായ പ്രവർത്തനമായിരുന്നുവെന്നും വിശകലനങ്ങൾ നീളുന്നു. മുംബൈ-താന മേഖലയിലെ മഹാരാഷ്ട്രക്കാർ ഭൂരിഭാഗവും എം.എൻ.എസ്സായിരിക്കുന്നു. തലനരച്ചവർ മാത്രമേ ബാലാസാഹബ് താക്കറെക്കും അദ്ദേഹത്തിന്റെ പുത്രൻ ഉദ്ദവ് താക്കറെക്കുമൊപ്പം ഉള്ളൂ.

തെരഞ്ഞെടുപ്പ് ഫലത്തിനോടുള്ള ആദ്യ പ്രതികരണത്തിൽത്തന്നെ മറാത്തികൾ ''നന്ദി കാണിച്ചില്ല'' എന്നാണ് ബാൽ താക്കറെ പറഞ്ഞത്. അദ്ദേഹം മറാത്തികൾക്കായി ചെയ്ത കാര്യങ്ങൾ വച്ചുനോക്കിയാൽ അദ്ദേഹത്തിന് അവരെ അങ്ങനെ അധിക്ഷേപിക്കാൻ അർഹതയുണ്ടെന്ന് മകൻ ഉദ്ദവ് താക്കറെ വിശദീകരിക്കുകയും ചെയ്തു. വേണ്ട അവസരത്തിൽ ഹിന്ദുത്വരാഷ്ട്രീയം പുറത്തെടുക്കുമെന്നും അദ്ദേഹം വിശദീകരിച്ചിട്ടുണ്ട്. രാജ്താക്കറെ മറാത്തിബോധം ഊതിവീർപ്പിക്കാൻ ശ്രമിച്ചപ്പോൾ, ഉത്തരേന്ത്യക്കാരുടെ കൂടി വോട്ട് നേടാൻ ഒരു വിശാല പരിപ്രേക്ഷ്യമണിഞ്ഞ ശിവസേന അതിന്റെ പരിചിതവഴികളിലേക്ക് മടങ്ങാൻ ശ്രമിക്കുമെന്നതിന്റെ സൂചനയാകാം ഇത്. രാജ്

താക്കറെയാകട്ടെ, ഇപ്പോൾ ഉറപ്പിച്ചു കഴിഞ്ഞിരിക്കുന്ന തന്റെ അടിത്തറ തകർന്നു പോകാതിരിക്കാൻ പ്രാദേശികതയുടെ മുദ്രാവാക്യങ്ങൾക്ക് തീവ്രത വർദ്ധിപ്പിക്കുകയും ചെയ്യേക്കാം. പക്ഷേ, ഇതൊക്കെ എത്രകാലം എന്ന ചോദ്യം ബാക്കിയാവുന്നു.

ബി.ജെ.പി.-ശിവസേന സഖ്യമെന്നല്ല ശിവസേന-ബി.ജെ.പി സഖ്യമെന്നാണ് കാവിസഖ്യം അറിയപ്പെട്ടിരുന്നത്. ശിവസേനക്കായിരുന്നു സഖ്യത്തിൽ മുൻതൂക്കമുണ്ടായിരുന്നത്. എന്നാൽ, ഈ തെരഞ്ഞെടുപ്പിൽ 46 സീറ്റ് നേടിയ ബി.ജെ.പി. 44 സീറ്റ് നേടിയ ശിവസേനയെ രണ്ടാം സ്ഥാനത്തേയ്ക്കു നീക്കിയിരിക്കുന്നു. ശിവസേനയുടെ നില കൂടുതൽ ദുർബലമാക്കുന്ന മറ്റൊരു വസ്തുതയാണിത്. തങ്ങളുടെ പരമ്പരാഗത ശക്തിദുർഗ്ഗമായിരുന്ന മുംബൈ നഗരത്തിൽ പിൻതള്ളപ്പെട്ടു കഴിഞ്ഞതോടെ വിലപേശൽശക്തി അതിനു നഷ്ടമാവുകയാണ്. ശിവസേനയിൽ നിന്ന് എം.എൻ.എസ്സിലേക്ക് ഇനി അണികളുടെ ഒഴുക്ക് ആരംഭിക്കുമെന്നു കരുതുന്നവരുണ്ട്. ഗ്രാമീണമേഖലകളിൽ പാർട്ടി ശക്തമാക്കുമെന്നതാണ് തെരഞ്ഞെടുപ്പ് ഫലങ്ങൾക്കുശേഷം രാജ്താക്കറെയുടെ ആദ്യ പ്രതികരണത്തിലെ ശ്രദ്ധേയമായ കാര്യം. അങ്ങനെയാണെങ്കിൽ ശിവസേനയെ തള്ളി ബി.ജെ.പി. സമീപഭാവിയിൽ എം.എൻ.എസ്സുമായി സഖ്യത്തിലായേക്കാമെന്ന സാദ്ധ്യതകളുമുണ്ട്.

ദേശീയതയെപ്പറ്റി ഏറെ വാചാലരാകുന്ന ബി.ജെ.പി. ഇത്തവണ മുംബൈയിലേക്കുള്ള കുടിയേറ്റത്തെ നിയന്ത്രിക്കുന്നതും മറാത്തിഭാഷക്ക് ഊന്നൽ കൊടുക്കേണ്ടതുമെല്ലാം തങ്ങളുടെ തെരഞ്ഞെടുപ്പു പ്രകടനപത്രികയിൽ സൂചിപ്പിക്കുകയുണ്ടായി. ഇങ്ങനെ പ്രാദേശികവാദത്തിന്റെ മുദ്രാവാക്യങ്ങൾക്ക് ഇടം നൽകാൻ സന്നദ്ധമായ ബി.ജെ.പിക്ക് ശിവസേനയെവിട്ട് എം.എൻ.എസ്സിനെ സ്വീകരിക്കുന്നതിന് പ്രത്യയശാസ്ത്ര പ്രതിബന്ധങ്ങളൊന്നുമില്ല.

## കോൺഗ്രസ്സിന്റെ അതിജീവനം

**രാ**ജ്താക്കറെയുടെ എം.എൻ.എസ്. കാരണമാണ് ബി.ജെ.പി.-ശിവസേനസഖ്യം തോറ്റതെന്ന് വ്യാപകമായി വിശ്വസിക്കപ്പെടുന്നുണ്ട്. എന്നാൽ, വോട്ടും സീറ്റും നോക്കിയാൽ ഈ വിശ്വാസം തെറ്റാണെന്നാണ് മനസ്സിലാവുക. മുംബൈയിലെയും പ്രാന്തപ്രദേശങ്ങളിലെയും എം.എൻ.എസ്. വലിയ സാന്നിദ്ധ്യമായ 60 സീറ്റുകളിലെ ഫലം ഒഴിവാക്കിയാൽ തന്നെ കോൺഗ്രസ്-എൻ.സി.പി സഖ്യത്തിന് 118 സീറ്റുകളും ശിവസേനാ-ബി.ജെ.പി സഖ്യത്തിന് 72 സീറ്റുകളുമാണ് ലഭിച്ചത്. വോട്ടിങ് ശതമാനത്തിൽ ഈ അറുപതു സീറ്റുകൾ ഉൾക്കൊള്ളുന്ന മേഖലയൊഴിച്ച് മറ്റെല്ലായിടത്തും കോൺഗ്രസ്-എൻ.സി.പി സഖ്യമായിരുന്നു മുന്നിൽ. അതായത് എം.എൻ.എസ്. ശക്തികേന്ദ്രങ്ങളിൽ മാത്രമേ കോൺഗ്രസ്-എൻ.സി.പി. സഖ്യത്തെക്കാൾ നേരിയ തോതിലെങ്കിലും ബി.ജെ.പി.-സേനാ സഖ്യത്തിന് മുൻതൂക്കം ലഭിച്ചിട്ടുള്ളൂ. അതുകൊണ്ടുതന്നെ എം.എൻ.എസ്. ഘടകമാണ് കോൺഗ്രസ് സഖ്യത്തെ ജയിപ്പിച്ചതെന്ന വാദം അസംബന്ധമാണ്. മാത്രവുമല്ല, കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പുമായി താരതമ്യം ചെയ്താൽ കൊങ്കൺ, വിദർഭ, മറാത്ത്‌വാഡ എന്നീ മേഖലകളിലെല്ലാം കോൺഗ്രസ്-എൻ.സി.പി. സഖ്യം നിലമെച്ചപ്പെടുത്തി.

വിദർഭയിൽ വിമതരുടെ സാന്നിദ്ധ്യം എൻ.സി.പിയുടെ സീറ്റുകൾ കാര്യമായി നഷ്ടപ്പെടുത്തിയെങ്കിലും, കോൺഗ്രസ്സിന്റെ മെച്ചപ്പെട്ട പ്രകടനം സഖ്യത്തിന് മൊത്തത്തിൽ മുൻകൈ നേടാൻ സഹായകമായി. ഈ മേഖലകളിലൊന്നും എം.എൻ.എസ്. കാര്യമായ ശക്തിയല്ല. അപ്പോൾ എം.എൻ.എസ്. തങ്ങളെ തോല്പിച്ചുവെന്നത് പരാജയത്തിന്റെ ന്യായീകരണമായി അവതരിപ്പിക്കപ്പെടുന്ന പൊള്ളയായ വാദമുഖമാണെന്ന് ബി.ജെ.പിക്കും ശിവസേനക്കും അംഗീകരിക്കേണ്ടിവരും.

പാക്കേജുകൾകൊണ്ട് പൂർണ്ണമായും പരിഹരിക്കാൻ കഴിയാതെ പോയ കർഷക ആത്മഹത്യയും, പതിനഞ്ചും പതിനാറും മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന പവർകട്ടും, വിലക്കയറ്റവും, പ്രത്യേക സാമ്പത്തികമേഖലകൾക്കെതിരെ പല സ്ഥലങ്ങളിലും നടന്ന കർഷക പ്രതിഷേധങ്ങളുമെല്ലാം നിലനിൽക്കെത്തന്നെയാണ് കോൺഗ്രസ് ജയിച്ചുവന്നിരിക്കുന്നത്. ഭരണവിരുദ്ധ വികാരമുണ്ടായിരുന്നില്ലെന്നല്ല, അതിനെ അതിജീവിച്ചുവെന്നാണ് കോൺഗ്രസ്-എൻ.സി.പി. സഖ്യത്തിന്റെ ഏറ്റവും ശക്തരായ വക്താക്കൾ പോലും പറയുന്നത്. ഇതെങ്ങനെ സാധിച്ചുവെന്നതിന്, ജനങ്ങളുടെ പ്രശ്നങ്ങളുമായി തെരുവിലിറങ്ങാൻ കാര്യമായി ആരുമുണ്ടായില്ല എന്നതുതന്നെയാണ് ഉത്തരം. അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽത്തന്നെ അത്തരം പ്രവർത്തനങ്ങളുടെ ആത്മാർത്ഥതയിൽ ആളുകൾ സംശയാലുക്കളുമാണ്.

വ്യത്യസ്തമായ എന്തെങ്കിലും മുന്നോട്ടു വയ്ക്കാനാകാത്ത പ്രതിപക്ഷവും, തെറ്റുകൾ തന്നെ ചെയ്യുന്ന ഭരണപക്ഷവും എന്തെങ്കിലും വ്യത്യസ്തതകൾ ജനങ്ങൾക്കു മുന്നിൽ അവതരിപ്പിച്ചിട്ടില്ല. അതുകൊണ്ടു തന്നെ എന്നും തങ്ങളോടൊപ്പം നിന്നിരുന്ന ദളിത് കക്ഷികൾ വിട്ടുപോയിട്ടും കോൺഗ്രസ് സഖ്യത്തിന് ജയിച്ചുകയറാനായി. മാനുഷികമുഖമുള്ള സ്വകാര്യവത്കരണം എന്ന പേരിൽ കേന്ദ്രത്തിലെ കോൺഗ്രസ് ഭരണം സ്വല്പം ജനകീയ ചായ്‌വ് പ്രദർശിപ്പിക്കുന്നതു തുടരുകയാണെങ്കിൽ തങ്ങൾ തീർത്തും നിരായുധരാണെന്ന് ബി.ജെ.പി. സഖ്യം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു.

ദളിതരുടെ വിമോചകയായി മായാവതിയെ അവതരിപ്പിച്ചുകൊണ്ട് ബി.എസ്.പി. ഇത്തവണയും പരീക്ഷണം നടത്തിയിട്ടും മുൻകാലങ്ങളിൽ കിട്ടിയ വോട്ടുകളെല്ലാം അവർക്ക് നഷ്ടമായി. ഒരുപക്ഷേ, അവർക്കു ലഭ്യമായിരുന്ന ദളിത് വോട്ടുകൾ കുറെ കോൺഗ്രസ്സിനു തിരിച്ചുപിടിച്ചിട്ടുണ്ടാകുമെന്ന് അനുമാനിക്കപ്പെടുന്നു. സഖ്യകക്ഷികളായിരുന്ന ദളിത് പാർട്ടികളുടെ വിട്ടുപോയത് ബാധിക്കാതിരിക്കാൻ, സൂക്ഷിക്കാൻ കോൺഗ്രസ്സിന് സഹായകരമായതും അതുതന്നെയാകണം. തെരഞ്ഞെടുപ്പിനു തൊട്ടുമുൻപ് മുറിച്ചൊട്ടിച്ച റിപ്പബ്ലിക്കൻ- ഇടതുപക്ഷ സഖ്യമെന്ന മൂന്നാം മുന്നണിയും പ്രതീക്ഷിച്ചതുപോലെ കോൺഗ്രസ് സഖ്യത്തെ പ്രതികൂലമായി ബാധിച്ചില്ല. ഈ സഖ്യത്തിലെ ദളിത് പാർട്ടികളും മറ്റും കുറച്ച് സീറ്റുകൾ നേടിയപ്പോൾ ഇടതുപക്ഷത്തിന് അതൊരു നഷ്ടക്കച്ചവടമായി മാറുകയും ചെയ്തു. സി.പി.എമ്മിന്റെ തിരിച്ചടി കേരളത്തിലും ബംഗാളിലും മാത്രമല്ലെന്ന് വ്യക്തമാവുകയും ചെയ്തു. ബംഗാളിൽ പ്രത്യേക സാമ്പത്തിക മേഖലകൾക്കുവേണ്ടി ജനങ്ങളെ വെടിവച്ചു കൊല്ലുകയും, മഹാരാഷ്ട്രയിൽ അതിനെതിരെ ഗിരിപ്രഭാഷണങ്ങൾ നടത്തുകയും ചെയ്യുന്ന ആത്മവഞ്ചന മറാത്തികളും തിരിച്ചറിയുന്നുണ്ട്. ക്രിക്കറ്റ് താരമായ വിനോദ് കാംബ്ലിയേയും സിനിമാക്കാരനായ സഞ്ജയ്ദത്തിനെയുമെല്ലാം ഹീറോകളാക്കി ജനകീയ രാഷ്ട്രീയം കളിക്കാമെന്ന ഉത്തരാധുനിക കണ്ടുപിടുത്തങ്ങൾ ഇപ്പോഴുള്ള അതീവ ദുർബലമായ അടിത്തറയെക്കൂടി അവസാനിപ്പിക്കുമെന്ന് ഇടതുപക്ഷത്തിനും മനസ്സിലായിക്കാണും. ■